**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2935** **28-02-2023 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ ജലജീവൻ പദ്ധതി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്ക് എടരിക്കോട് കെ.ഇ.എൽ. ന്റെ ഭൂമിയിൽ നിന്നും സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പ്രവൃത്തികളിൽ ഉൾപ്പെടുന്ന ശുദ്ധീകരണശാല (6 MLD) സ്ഥാപിക്കുന്നതിനായി എടരിക്കോട് കെ.ഇ.എൽ. ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉപയോഗാനുമതി മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ലഭിക്കുകയും 17.02.2023ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കെ.ഇ.എൽ. അധികാരികളും കൂടി നടത്തിയ സംയുക്ത പരിശോധനയിൽ കെ.ഇ.എൽ. പ്രൊഡക്ഷൻ യൂണിറ്റിനോട് ചേർന്നുള്ള 50 സെൻറ് ഭൂമി ജലജീവൻമിഷൻ പ്രവൃത്തിയുടെ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി ലഭിക്കുന്നതിന് ധാരണയാവുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 20.02.2023ന് പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി തരുന്നതിനായി എടരിക്കോട് വില്ലേജ് ഓഫീസർക്ക് തിരൂർ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. ഈ വിവരം കാണിച്ചുകൊണ്ട് 21.02.2023ന് ജില്ലാ കലക്ടർക്കും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കാവശ്യമായ സ്ഥലം ജലജീവൻ പദ്ധതിക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പ്രവൃത്തികളിൽ ഉൾപ്പെടുന്ന ശുദ്ധീകരണശാല (6 MLD) സ്ഥാപിക്കുന്നതിനായി എടരിക്കോട് കെ.ഇ.എൽ. ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉപയോഗാനുമതി മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ലഭിക്കുകയും 17.02.2023ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കെ.ഇ.എൽ. അധികാരികളും കൂടി നടത്തിയ സംയുക്ത പരിശോധനയിൽ കെ.ഇ.എൽ. പ്രൊഡക്ഷൻ യൂണിറ്റിനോട് ചേർന്നുള്ള 50 സെൻറ് ഭൂമി ജലജീവൻമിഷൻ പ്രവൃത്തിയുടെ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി ലഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ധാരണയാവുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 20.02.2023ന് പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി തരുന്നതിനായി എടരിക്കോട് വില്ലേജ് ഓഫീസർക്ക് തിരൂർ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. ഈ വിവരം കാണിച്ചുകൊണ്ട് 21.02.2023ന് ജില്ലാ കലക്ടർക്കും കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | 2023 മാർച്ച് അവസാനത്തോടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കാർ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ